**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2941** | **25-06-2024 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ സന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങൾ തകർക്കുന്നതും മനുഷ്യന്റെയും വളർത്തുമൃഗങ്ങളുടെയും ജീവന് ഭീഷണിയാകുന്നതും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വനമേഖലയോട് ചേർന്ന് താമസിക്കുന്ന ജനങ്ങൾക്ക് സന്നദ്ധ പുനരധിവാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. IDWH (Integrated Development of Wild Habitat) Phase-I സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയും, കിഫ്ബിയുടെയും RKDP യുടെയും ധനസഹായത്തോടെ നവകിരണം എന്ന നാമധേയത്തിൽ അറിയപ്പെടുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമാണ് ഇതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളത്. കേരളത്തിലുടനീളം വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സ്വകാര്യ ഭൂവുടമകൾക്ക് പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നവകിരണം പദ്ധതിയിൽ അംഗമാകാം. |
| (ബി) | എങ്കിൽ ഈ സർക്കാർ വന്നശേഷം ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് എത്രപേർ വനമേഖലയിൽ നിന്നും ഒഴിഞ്ഞു പോയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 784 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ആയതിൽ 627അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 157 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം രൂപ വീതവും ഇതിനകം നൽകിയിട്ടുള്ളതാണ്. ഇതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് വൈൽഡ്ലൈഫ് ഡിവിഷനിൽ IDWH പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ചെട്ട്യാലത്തൂർ സെറ്റിൽമെന്റിലെ 2 കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023- 24 സാമ്പത്തിക വർഷത്തിൽ ചെട്ട്യാലത്തൂർ സെറ്റിൽമെന്റിലെ 25 കുടുംബങ്ങൾക്ക് 375 ലക്ഷം രൂപയും, പങ്കളം സെറ്റിൽമെന്റിലെ 13 കുടുംബങ്ങൾക്ക് 195 ലക്ഷം രൂപയും, മണിമുണ്ട |

| | | | |
|---|---|---|---|
| | | | സെറ്റിൽമെന്റിലെ 23 കുടുംബങ്ങൾക്ക് 345 ലക്ഷം രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രതിപാദ്യ കുടുംബങ്ങളുടെ പുനരധിവാസം പുരോഗമിച്ചു വരുന്നു |
| (സി) | വന്യജീവി അക്രമങ്ങൾ തടയുന്നതിന് ജൈവവേലി ഒരു പരിഹാരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ജൈവവേലി നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | കണ്ടെത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദാംശം അനുബന്ധം രണ്ടായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| | അർഹതപ്പെട്ട കുടുംബ യൂണിറ്റുകൾ | അനുവദിച്ച സാമ്പത്തിക പാക്കേജ് (കോടി) |
|---|---|---|
| പൂർണ്ണമായും സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 627 | 94.05 |
| ആദ്യ ഗഡു സാമ്പത്തിക പാക്കേജ് ലഭിച്ചവർ | 157 | 11.775 |
| **ആകെ** | **784** | **105.825** |

# അനുബന്ധം 2

| സർക്കിൾ | ഡിവിഷൻ | റെയിഞ്ച് | ഫെൻസിംങ് നടത്തിയിട്ടുള്ള വന്യജീവി സങ്കേതം/റിസർവ്വ് ഫോറസ്റ്റ് | സ്പീഷീസിന്റെ പേര് | നിളം (കി.മീ) | വിജയകരമാണോ/ അല്ലയോ | റിമാർക്സ് |
|---|---|---|---|---|---|---|---|
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | വയനാട് | കുറിച്ച്യാട് | കുറിച്ച്യാട് റിസർവ്വ് ഫോറസ്റ്റ് | അഗേവ് | 1.50 കി.മീ | ഭാഗീകമായി വിജയകരം | പൂവഞ്ചി മെയിൻ ഗേറ്റ് മുതൽ പൊകലമാളം വരെ |
| | | | | | 0.60 കി.മീ | | മൂന്നാം മൈൽ മുതൽ കപ്പാടി ഫോറസ്ററ് ചെക്ക് പോസ്റ്റ് വരെ |